**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇന്റർ ട്രാൻസ്ഫർ പോളിസിയും സർവ്വീസ് ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നുള്ള ജീവനക്കാർ ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി പഞ്ചായത്ത്/ ഗ്രാമവികസന / നഗരകാര്യ വകുപ്പിൽ നിന്നും വിരമിക്കുമ്പോൾ പെൻഷൻ, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് ശേഷം ഇന്റർ ട്രാൻസ്ഫെറബിലിറ്റി നടപ്പിലാക്കിയതിനെ തുടർന്ന് തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നുള്ള ജീവനക്കാരുടെ പെൻഷൻ, മറ്റു സർവീസ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നത് ഉൾപ്പെടെയുള്ള വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികൾ 18.05.2023 ൽ ധനകാര്യ വകുപ്പ് നടത്തിയ യോഗത്തിൽ ചർച്ച ചെയ്യുകയും പ്രസ്തുത വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതുവരെ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് മുനിസിപ്പൽ കോമൺ സർവീസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതു സർവീസിലെ മറ്റേതെങ്കിലും സർവീസിൽ ജോലി ചെയ്താൽ അവിടെ നിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് ജീവനക്കാരൻ ജോലി നിർവ്വഹിച്ചിരുന്ന സർവീസിൽ നിന്നും അനുവദിക്കുന്നതിനും തീരുമാനിക്കുകയും പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി പഞ്ചായത്ത്/ ഗ്രാമവികസന വകുപ്പിൽ/ ഡയറക്ടറേറ്റുകളിൽ ജോലി ചെയ്യുന്ന മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട് അഡ്വാൻസ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളും മേൽപ്രകാരം അപേക്ഷ നൽകിയ ജീവനക്കാരുടെ വിവരങ്ങളും ലഭ്യമാക്കാമോ? | (ബി) | കേരള മുനിസിപ്പൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ചട്ടം 2005 പ്രകാരം ജീവനക്കാരുടെ താൽക്കാലിക വായ്പ അനുവദിക്കുന്നത് നഗരസഭ സെക്രട്ടറിമാരാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണം നിലവിൽ വന്ന സാഹചര്യത്തിൽ നഗരസഭകളിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച് മറ്റ് ഓഫീസുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് താൽക്കാലിക വായ്പ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനും NRA, CLOSURE എന്നിവ അനുവദിക്കുന്നതിനും ആയി ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയതിനാൽ മേൽചട്ടം ഭേദഗതി ചെയ്യുന്നതുവരെ പ്രസ്തുത ജീവനക്കാരുടെ താൽക്കാലിക വായ്പ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും അനുവദിക്കുന്നതിന് താൽക്കാലികമായി ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും ആയതിനുള്ള ഫണ്ട് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും അനുവദിക്കുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് TSB അക്കൗണ്ട് അനുവദിക്കുന്നതിനും സർക്കാർ അനുമതിക്കായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 25.11.2023 ലെ LSGD/PD/57907/2023-CPF2 കത്ത് പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് നിലവിൽ സർക്കാർ പരിശോധനയിലാണ്.<br><br>നിലവിൽ പഞ്ചായത്ത്/ ഗ്രാമവികസന വകുപ്പ്/ ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും താൽക്കാലിക വായ്പ ഇനത്തിൽ 23 അപേക്ഷകളും തിരിച്ചടയ്ക്കേണ്ടതല്ലാത്ത വായ്പ ഇനത്തിൽ 5 അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL No | Employee Name | Designation | CPF account No | LB Currenly Working with | Loan Amt | TA/NRA |
|---|---|---|---|---|---|---|
| 1 | Baby Shine S | Driver (Sr.Grade) | PF8-11651 | Ochira Grama Panchayath | 30,000/- | TA |
| 2 | Abdurahman Ramath | Selection Grade Typist | PF3-7324 | Thodannur Block Panchayth | 1,99,920 | TA |
| 3 | Sreejith S | Senior Clerk | PF4-8782 | LSGD, Principal Directorate | 60,000/- | TA |
| 4 | Unnikuttan.K.U | Office Attendant | PF4-12462 | Vellangalloor Block Panchayath | 40,000/- | TA |
| 5 | Sreeja B | Senior Clerk | PF 6-11326 | Aroor Grama panchayath | 1,50,000/- | TA |
| 6 | C.M. Gireesh | Office Attendant | PF09-6420 | Niranam Grama Panchayath | 55325/- | TA |
| 7 | Sivakumar S | Asst. Secretary | PF09-6424 | Kottangara Grama Panchayath | 1,00,000/- | TA |
| 8 | Shibin R | Office Attendant | PF09-13693 | District Joint Director Office, Palakkad | Amount not given | TA |
| 9 | Shan Kumar | " | PF9-12263 | District Joint Director Office, Palakkad | Amount not given | TA |
| 10 | Anil Kumar V | Office Attendant | PF09-6309 | Meppadi Grama Panchayath | 1,00,000/- | TA |
| 11 | K. Krishnakumar | Asst. Secretary | PF09-6478 | Kadaykkal Grama Panchayath | 1,50,000/- | TA |
| 12 | Vinod Kumar G | Junior Superintendent | PF09-6348 | District Joint Director Office, Ernakulam | 54,900/- | TA |
| 13 | Sajini V.R. | UD Typist | PF09-12196 | District Joint Director Office, Thrissur | 1,00,000/- | TA |
| 14 | Preetha M | Senior Clerk | PF05-10887 | LSGD, Principal Directorate | 1,00,000/- | TA |
| 15 | Sherly S | Senior Clerk | PF05-10781 | LSGD, Principal Directorate | 1,00,000/- | TA |
| 16 | Sindhu C.D | Office Attendant | PF05-10512 | Mannar Grama Panchayath | 75,000/- | TA |
| 17 | Resmi R.S. | Senior clerk | PF05-10586 | District Joint Director Office, Kollam | 60,000/- | TA |
| 18 | Dinesh S | Senior clerk | PF7-11625 | Kanjikuzhi Panjayath | 89000/- | TA |
| 19 | James K | Office Attendant | PF 7-8147 | JD Office Ernakulam | 1,00,000/- | TA |
| 20 | Pravitha T | Senior clerk | PF 7-11404 | Avinissery Panchayath | 30,0000/- | TA |
| 21 | Mini.P.K | Office Attendant | PF8-11713 | Mathilakam Block Panchayath | 90,000/- | TA |
| 22 | Anil Kumar K | Office Attendant | PF8-12873 | Trivandrum JD Office | 1,50000/- | TA |
| 23 | Geetha S | Senior clerk | PF 7 -11434 | LSGD, Principal Directorate | Maximum | TA |
| 24 | Joseph Robin | Office Attendant | PF5-7847 | Mulavukadu Panchayath | 5,00,000/- | NRA |
| 25 | Jayakumar P | Junior Superintendent | PF 5-7769 | Thrissur JD Office | 6,00,000/- | NRA |
| 26 | Sumam S | Senior Clerk | PF7-9922 | LSGD, Principal Directorate | 4,00,000/- | NRA |
| 27 | Madhu P.K | Office Attendant | PF8-11865 | Thaliparamba Block | 15,00,00/- | NRA |
| 28 | BINDHU C | Office Attendant | PF6-11322 | Vengola Panchayath | 3,30000/- | NRA |